DEPARTMENTAL
# HIGHER SECONDARY SCHOOL TEACHERS ASSOCIATION
## (H.S.S.T.A)
*Recognised as per* GO (MS) No. 22/2011 P & ARD Thiruvananthapuram dt 18-07-2011
STATE COMMITTEE, THIRUVANANTHAPURAM
Afnan, T.C. 11/416 (1), Nanthencode, Thiruvananthapuram - 03

| President | Treasurer | General Secretary |
|---|---|---|
| **M. RADHAKRISHNAN** | **R. RAJEEVAN** | **Dr. SABUJI VARUGHESE** |
| Principal, Govt. H.S.S, Balla East | Principal, Govt. Girls HSS | Principal, GHSS |
| Balla P.O, Kasaragod. Ph : 9496357725 | Chittoor, Palakkad. Ph : 9497628157 | Sasthamkotta, Kollam. Ph : 9446114551 |
| radhanmundayat@gmail.com | rrajeevanchittur@gmail.com | drsabujivarughese@gmail.com |

Associate General Secretaries
ANIL.M.GEORGE
Govt. HSS, Ayroor, Pathanamthitta
Ph : 9745591677.
anilmodiyil@gmail.com
DR.S.N.MAHESHBABU
Govt. HSS, Nadavarambu, Thrissur.
Ph : 9846416666.
maheshoham@gmail.com
Senior Vice President
K.R.MANIKANDAN
Principal, Govt. Giirls HSS, Thrissur.
(Thrissur) Ph : 9495421594
manikandankollara@gmail.com
Vice President
M.SANTHOSHKUMAR
(Kozhikode) Ph : 9747888667
KOSHY MATHEW (Kollam)
Ph : 9447011323
N.PRATHAPAN
(Malappuram) Ph : 9895942511
C.N.MURALI
(Palakkad) Ph : 9446727848
State Secretaries
P. SASIDHARAN
(Kasaragod) Ph : 9447089793.
T.VIJAYAN
(Malappuram) Ph : 9947142412
RIYAS .M
(Kozhikkod) Ph : 9745640655.
M.V.ABHILASH
(Ernakulam) Ph : 9447573777.
P.K.PRADEEP KUMAR
(Kannur) Ph : 9446451267
AYIRA SUNILKUMAR
(Thiruvananthapuram) Ph : 9961347225
P.K.RAJARAJAN
(Kasaragod) Ph :8281261951.
SANOJ .K
(Kozhikkod) Ph : 9037503508.
RAJAN THOMAS
(Idukki) Ph : 9446719933.
DANISH.T.S
(Malappuram) Ph : 9447410012.
K.K.SHAJI
(Palakkad) Ph : 9447801009.
Principal Forum Conveners
ABDUL LATHEEF
(Kannur) Ph : 9446774021.
ABUBEKAR SIDDIQU
(Malappuram) Ph : 9495175464
Vanitha Forum
LOVELY JOSEPH (Convener)
(Kollam). Ph : 9447377974.
G.S. KALA (Joint Convener)
(Thiruvananthapuram) Ph : 9495902091.
Advisory Board
C.JOSEKUTTY (Chairman)
Kollam. Ph : 9447203920.
R.VIJAYAN PILLAI (Convener)
Kollam. Ph : 9447745256.
P.VENUGOPAL
(Academic Council Chairman)
Kottayam. Ph : 9447849049.

തിരുവനന്തപുരം
30 - 04 - 2018

To

ഡോ.എം.എ.ഖാദർ
ചെയർമാൻ, വിദഗ്ദ്ധസമിതി
കെ.ഇ.ആർ.പരിഷ്ക്കരണം.

സർ,

വിഷയം : വിദ്യാഭ്യാസ അവകാശനിയമം - 2009 ഫലപ്രദമായി നടപ്പിലാക്കുന്നതിനും പ്രീസ്കൂൾ മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച്.

സൂചന : 1) വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച കത്ത്.
2) പ്രസ് ഇൻഫർമേഷൻ ബ്യൂറോ 28-03-2018-ൽ സൈറ്റിൽ പ്രസിദ്ധീകരിച്ച ന്യൂ ഇന്റഗ്രേറ്റഡ് സ്കീം ഫോർ സ്കൂൾ എഡ്യൂക്കേഷൻ എന്ന രേഖ.
3) വിദ്യാഭ്യാസ അവകാശനിയമം - 2009

സൂചന (1) പ്രകാരം ചോദിച്ച ചോദ്യനമ്പർ (1) ന് ഉള്ള ഉത്തരം ചുവടെ നൽകുന്നു.

കേരളത്തിൽ ഇന്ന് നിലനിൽക്കുന്ന ഘടനതന്നെ പിൻതുടരുന്നതാണ് ആദികാമ്യം.

| | | |
|---|---|---|
| നേഴ്സറി ക്ലാസുകൾ | - | പ്രീസ്കൂൾ |
| 1 മുതൽ 4 വരെ ക്ലാസുകൾ | - | ലോവർ പ്രൈമറി |
| 5 മുതൽ 7 വരെ ക്ലാസുകൾ | - | അപ്പർ പ്രൈമറി |
| 8 മുതൽ 10 വരെ ക്ലാസുകൾ | - | ഹൈസ്കൂൾ |
| 11, 12 ക്ലാസുകൾ | - | ഹയർ സെക്കന്ററി/വൊക്കേഷണൽ ഹയർ സെക്കന്ററി |

ഇവയിൽ ഓരോ വിഭാഗത്തിനും പ്രത്യേകം പ്രത്യേകം ഹെഡ്ഡുകൾ ഉണ്ടായിരിക്കണം. എങ്കിൽ മാത്രമേ കുട്ടികളുടെ പഠനപ്രവർത്തനങ്ങൾ ശരിയായി നടക്കുന്നുണ്ടോ എന്ന് വിലയിരുത്തുന്നതിനും ആവശ്യമായ പിന്തുണയും പഠനസാഹചര്യവും ഒരുക്കുന്നതിന് സാധിക്കുകയുള്ളു.

മോണിറ്ററിംഗ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് കേന്ദ്രീകൃതം എന്നതിനുപകരം വികേന്ദ്രീകരണമാണ് കൂടുതൽ ഫലപ്രദം. ആയതിനാൽ പ്രൈമറി, സെക്കന്ററി, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി എന്നിവയ്ക്ക് പ്രത്യേകം പ്രത്യേകം ഡയറക്ട്രേറ്റുകൾ രൂപീകരിക്കണം. ഇതിലൂടെ മാത്രമേ പൊതുവിദ്യാഭ്യാസം സംരക്ഷിക്കുന്നതിനും പുഷ്ടിപ്പെടുത്തുന്നതിനും സാധിക്കുകയുള്ളൂ.

**ന്യൂ ഇന്റഗ്രേറ്റഡ് സ്കീം ഫോർ സ്കൂൾ എഡ്യുക്കേഷൻ**

സൂചന (2) ൽ 28-3-2018 ന് കേന്ദ്ര ക്യാബിനറ്റ് അംഗീകരിച്ച സർക്കാർ പ്രസ് ഇൻഫർമേഷൻ ബ്യൂറോയുടെ വെബ് സൈറ്റിൽ പ്രസിദ്ധീകരിച്ച രേഖയിൽ പരാമർശിച്ചിരിക്കുന്നത് – നാളിതുവരെ SSA,

RMSA, TE എന്ന മൂന്ന് വിഭാഗത്തിലൂടെ നൽകിയിരുന്ന കേന്ദ്രസർക്കാർ എയ്ഡ് 1-4-2018 മുതൽ 31-3-2020 വരെയുള്ള കാലഘട്ടത്തിൽ ഏകോപിപ്പിച്ച് ഒറ്റ പദ്ധതിയായി മുൻവർഷങ്ങളിൽ നൽകിയതിൽ 20% കൂടുതൽ തുക നൽകുമെന്നും കാണുന്നു. കൂടാതെ മുൻവർഷങ്ങളിൽ SSA, RMSA, TE എന്നീ പദ്ധതികൾ പ്രൈമറി, സെക്കന്ററി, ടീച്ചർ എഡ്യൂക്കേഷൻ എന്നീ വിഭാഗങ്ങളിൽ ഒതുങ്ങിയിരിക്കുന്നു. എങ്കിൽ ന്യൂ ഇൻഗ്രേറ്റഡ് സ്കീം ഫോർ സ്കൂൾ എഡ്യുക്കേഷൻ എന്ന പദ്ധതിയിൽ പ്രീപ്രൈമറി, ഹയർ സെക്കന്ററി എന്നീ വിഭാഗങ്ങൾക്കുകൂടി പ്രാതിനിധ്യം നൽകും എന്ന് പറഞ്ഞിരിക്കുന്നു.

- The vision of the scheme is to ensure inclusive and equitable quality education from nursery to senior secondary stage in accordance with the sustainable development goal for education - Main features of the scheme.

കൂടാതെ ഈ സ്കീമിൽ സ്റ്റേറ്റ് ഗവൺമെന്റിന് ഈ പദ്ധതി നടപ്പാക്കുന്നതിന് അവരുടേതായ നിലയിൽ മാറ്റം വരുത്തുന്നതിനും പ്രൊവിഷൻ നൽകിയിരിക്കുന്നു.

Impact - The scheme given flexibility to the states and UTS to plan and prioritize their interventions with in the scheme norms and the overall resources envelope available to them.

സ്കൂളിൽ ഈ പദ്ധതി നടപ്പിലാക്കുമ്പോൾ പ്രീപ്രൈമറി മുതൽ സീനിയൽ സെക്കന്ററിവരെ ഒരു തുടർച്ച ലഭിക്കും.

Benefits - An integrated administration looking at ‘school’ as a continuum.

ന്യൂ ഇന്റഗ്രേറ്റഡ് സ്കീം ഫോർ സ്കൂൾ എഡ്യുക്കേഷൻ എന്ന പദ്ധതിയിൽ പ്രീ സ്കൂൾ മുതൽ ഹയർ സെക്കന്ററി വരെയുള്ള വിവിധ ഘട്ടങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. പദ്ധതികൾ നിർദ്ദേശിക്കുകയും രൂപീകരിക്കുകയും ചെയ്യുമ്പോൾ എല്ലാ ഘട്ടങ്ങൾക്കും ലഭിക്കത്തക്ക രീതിയിൽ സമഗ്രമായി ആസൂത്രണം ചെയ്യണമെന്ന് നിർദ്ദേശിക്കുന്നു. നാളിതുവരെ SSA, RMSA, TE എന്നിങ്ങനെ വിവിധ പദ്ധതികൾ വിവിധ ഏജൻസികളിലാണ് നടപ്പിലാക്കിയത്. പുതിയ സ്കീം അനുസരിച്ച് ഈ ഏജൻസികളെ ഏകോപിപ്പിച്ച് ഒരു ഏജൻസിയായി മാറ്റി അതിലൂടെ പദ്ധതി നടപ്പിലാക്കണമെന്നും ആവശ്യപ്പെടുന്നു. SSA, RMSA, TE എന്നീ പദ്ധതികളുടെ നടത്തിപ്പിനായുള്ള ഏജൻസികളുടെ ഏകോപനം എന്നതിനുപകരം ഹൈസ്കൂൾ-ഹയർസെക്കന്ററി ഏകോപനം എന്ന നിർദ്ദേശം ന്യൂ ഇന്റഗ്രേറ്റഡ് സ്കീം ഫോർ സ്കൂൾ എഡ്യൂക്കേഷൻ എന്ന രേഖയിൽ കാണുന്നില്ല.

മുൻ വർഷങ്ങളിൽ 1 മുതൽ 8 വരെ ക്ലാസുകളിലേക്കുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തത് SSA യും 9, 10 ക്ലാസുകളിലെ പദ്ധതികൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്തത് RMSA യുമാണ്. ഈ രണ്ട് സ്കീമുകളിലും പ്രീ പ്രൈമറിയോ ഹയർ സെക്കന്ററിയോ ഉൾപ്പെട്ടിരുന്നില്ല. പുതിയ സ്കീം അനുസരിച്ച് ഈ രണ്ട് വിഭാഗങ്ങൾക്കുകൂടി കേന്ദ്രാവിഷ്കൃത ഫണ്ട് ഉപയോഗിക്കാൻ കഴിയുന്നു.

**വിദ്യാഭ്യാസ അവകാശ നിയമം – 2009**

വിദ്യാഭ്യാസ അവകാശ നിയമം 2009-ൽ 1 മുതൽ 8 വരെ ക്ലാസുകളിലെ കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് പരാമർശിച്ചിരിക്കുന്നത്. അതിൽ ഹയർ സെക്കന്ററി ഹൈസ്കൂൾ ലയനം (ഏകോപനം) പരാമർശിക്കപ്പെട്ടിട്ടില്ല.

**നാഷണൽ എഡ്യുക്കേഷൻ പോളിസി, 1986**

നാഷണൽ എഡ്യുക്കേഷൻ പോളിസി, 1986 പാർട്ട് 3 പാരഗ്രാഫ് 3-ൽ ചുവടെ പറയുന്ന രീതിയിൽ പ്രതിപാദിക്കുന്നു.

The National Education system envisages a common Educational Structure. The 10+2+3 structure has now been accepted in all parts of the country. Regarding the further breakup of the first ten years efforts will be made to move towards an elementary system comprising 5 years of primary education and 3 years of upper primary followed by 2 years of high school. Efforts will also be made to have the plus two stage accepted as the part of school education through out the country.

1990-ൽ സംസ്ഥാനത്ത് ഹയർ സെക്കന്ററി സ്കൂളുകൾ ആരംഭിച്ചത് 10-ാം ക്ലാസിന്റെ തുടർച്ച എന്ന നിലയിലല്ല. 11, 12 എന്നീ ക്ലാസുകൾ ഉൾക്കൊള്ളുന്ന ഹയർ സെക്കന്ററി സ്കൂൾ എന്ന നിലയിലാണ്. ഈ സ്കൂളുകൾ അന്നുണ്ടായിരുന്ന ഹൈസ്കൂൾ കോമ്പൗണ്ടിൽ, ആ സൗകര്യങ്ങളിൽ ആരംഭിക്കുകയാണ് ചെയ്തത്. ഒരു പ്രൈമറി സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂൾ ആക്കുമ്പോൾ പ്രൈമറി ഹെഡ്മാസ്റ്ററുടെ പോസ്റ്റ് ഇല്ലാതാകുന്നു. എന്നാൽ ഒരു ഹൈസ്കൂളിൽ ഹയർ സെക്കന്ററി അനുവദിച്ചാൽ ഹെഡ്മാസ്റ്ററുടെ തസ്തിക നഷ്ടപ്പെടുന്നില്ല.

1 മുതൽ 10 വരെ ക്ലാസുകൾ തുടർച്ചയായാണ് അതിനുശേഷം കുട്ടികൾ ITI, പോളിടെക്നിക്, ഹയർ സെക്കന്ററി, വോക്കേഷണൽ ഹയർ സെക്കന്ററി, ടെക്നിക്കൽ ഹയർ സെക്കന്ററി തുടങ്ങി വിവിധ മേഖലകളിലേക്ക് പോകുന്നു. അതായത് 10 - ന്റെ തുടർച്ചയല്ല 11 എന്നാണ്. 10 - ന്റെ തുടർച്ചയാണ് 11 എങ്കിൽ 8 - ാം ക്ലാസിൽ നിന്ന് 9 - ാം ക്ലാസിലേക്ക് കുട്ടി മാറുന്നതുപോലെ 10 - ാം ക്ലാസിൽ പഠിക്കുന്ന എല്ലാ കുട്ടികളും 11 - ാം ക്ലാസിൽ പഠിക്കണം. കൂടാതെ 11 - ാം ക്ലാസിൽ പഠിക്കുന്ന എല്ലാ കുട്ടികളും ഒരേ വിഷയങ്ങൾ പഠിക്കണം. എന്നാൽ നിലവിൽ സ്ഥിതി അതല്ല. കുട്ടികൾക്ക് 46 ഓപ്ഷനുകൾ തിരഞ്ഞെടുക്കാനുള്ള അവസരം ഹയർ സെക്കന്ററിയിലുണ്ട്.

വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിലാണ്. ആയതിനാൽ ന്യൂ ഇന്റഗ്രേറ്റഡ് സ്കീം ഫോർ സ്കൂൾ എഡ്യൂക്കേഷൻ എന്ന സ്കീമിന്റെ ആസൂത്രണത്തിനും നിർവ്വഹണത്തിനും സ്റ്റേറ്റിന്റെ അഭിപ്രായത്തിനുസരിച്ച് മാറ്റം വരുത്താം എന്ന സ്കീമുമായി ബന്ധപ്പെട്ട രേഖയിൽ പറയുന്നു. അതുകൊണ്ടുതന്നെയാണ് സെൻട്രൽ സ്കൂളുകളിൽ 1 മുതൽ 8 വരെ പ്രൈമറി ആകുമ്പോൾ കേരളത്തിൽ 1 മുതൽ 7 വരെ പ്രൈമറി വിദ്യാഭ്യാസമാകുന്നത്. 1 - ാം ക്ലാസിൽ അഡ്മിഷൻ എടുക്കുന്നതിന് സെൻട്രൽ സ്കൂളിൽ 6 വയസും കേരള സ്കൂളിൽ 5 വയസുമാകുന്നത്.

ഇന്ത്യയിൽ 10+2+3 പാറ്റേണാണ് നിലനിൽക്കുന്നത് എന്ന് ശ്രീ.കുഞ്ഞാലിക്കുട്ടി എം.പി.യുടെ ചോദ്യത്തിന് മറുപടിയായി ലോകസഭയിൽ ബഹു.മാനവവിഭവശേഷിവകുപ്പ് മന്ത്രി ശ്രീ.പ്രകാശ് ജാവ്ദേക്കർ മറുപടി നൽകി. ഇതിൽ നിന്ന് ഇന്ത്യയിലെ വിദ്യാഭ്യാസരീതി 12+3 അല്ല എന്ന് വ്യക്തമാണ്. അതായത് ഹയർ സെക്കന്ററി - ഹൈസ്കൂൾ ലയനം എങ്ങും ചർച്ചചെയ്യപ്പെട്ടിട്ടില്ല.

ഇന്ത്യയിൽ വിവിധ സംസ്ഥാനങ്ങളിൽ ഹയർ സെക്കന്ററിക്ക് പ്രത്യേക ബോർഡുകളോ, പ്രത്യേക ഡയറക്ട്രേറ്റുകളോ നിലവിലുണ്ട്. ചില ഉദാഹരണങ്ങൾ - തെലുങ്കാന ബോർഡ് ഓഫ് ഇന്റർമീഡിയേറ്റ് എഡ്യൂക്കേഷൻ. ഡിപ്പാർട്ട്മെന്റ് ഓഫ് പ്രീ യൂണിവേഴ്സിറ്റി എഡ്യുക്കേഷൻ, കർണ്ണാടക. വെസ്റ്റ് ബംഗാൾ കൗൺസിൽ ഓഫ് ഹയർ സെക്കന്ററി എഡ്യുക്കേഷൻ. ആസ്സാം ഹയർ സെക്കന്ററി എഡ്യുക്കേഷൻ കൗൺസിൽ. ബോർഡ് ഓഫ് ഇന്റർമീഡിയേറ്റ് എഡ്യുക്കേഷൻ, ആന്ധ്രപ്രദേശ്. കൗൺസിൽ ഓഫ് ഹയർ സെക്കന്ററി എഡ്യുക്കേഷൻ, ഓഡീഷ.

1 മുതൽ 12 വരെ ഒരു അഡ്മിനിസ്ട്രേഷന്റെ കീഴിലാണ് വരുന്നതെങ്കിൽ അവസാനം നിലവിൽ വന്ന തെലുങ്കാന സംസ്ഥാനത്ത് പ്രത്യേക ഹയർ സെക്കന്ററി ബോർഡ് രൂപീകരിച്ചു എന്നത് ചിന്തിക്കേണ്ടതാണ്.

## ഹയർ സെക്കന്ററി ഡയറക്ട്രേറ്റ് നിലനിൽക്കേണ്ടതിന്റെ ആവശ്യകത

### ആമുഖം

പൊതുവിദ്യാഭ്യാസരംഗത്ത് ഏറ്റവും ജനകീയമായും വിശ്വാസ്യതയോടുകൂടിയും നിലനിൽക്കുന്ന വിഭാഗമാണ് ഇന്ന് ഹയർ സെക്കന്ററി. സമൂഹത്തിന്റെ എല്ലാ തുറകളിലും ഉള്ളവർ കടന്നുപോകുന്ന ഒരേഒരു വിദ്യാഭ്യാസമേഖല എന്നുകൂടി ഇതിനെ അടയാളപ്പെടുത്താം. കുട്ടികളുടെ അച്ചടക്കത്തിലും പഠനനിലവാരത്തിലും തുടർന്നുവരുന്ന ഗുണമേന്മയാണിതിന് പ്രധാനകാരണം. കുറേയേറെ ശക്തിപ്പെടുത്തേണ്ടതുണ്ടെങ്കിലും ഇതിപ്പോഴും ദുർബലമല്ല എന്ന് ഉപരിപഠനത്തിലേക്കും പരീക്ഷകളിലേക്കും കടന്നുപോകുന്ന വിദ്യാർത്ഥികളതിനെ സാക്ഷ്യപ്പെടുത്തുന്നു. ഹയർ സെക്കന്ററി മേഖലയിൽ അൺ എയ്ഡഡ് സ്ഥാപനങ്ങൾ ശക്തി പ്രാപിക്കാത്തതും ഇതിന്റെ മേന്മയെന്നുതന്നെ ഉറപ്പിക്കാം.

### ഈ പ്രായത്തിന് നൽകേണ്ട പ്രത്യേക പരിഗണന

ടീനേജിന്റെ ഈ സുപ്രധാന ഘട്ടത്തിലുള്ള ഈ വിദ്യാർത്ഥികൾക്ക് സാമൂഹ്യരീതിക്കനുസരിച്ചുള്ള അറിവ് ലഭ്യമാകേണ്ടതുണ്ട്. എന്നാൽ അവരുടെ മാനസിക ശാരീരിക വളർച്ചകളെ മനസ്സിലാക്കിയുള്ള അച്ചടക്കരീതികളും പെരുമാറ്റവും ലഭ്യമായെങ്കിൽ മാത്രമേ പഠനാനുഭവങ്ങളിലൂടെ ഈ അറിവു നിർമ്മാണം മുന്നേറുകയുള്ളൂ. ഇപ്പോഴുള്ള സംവിധാനത്തിൽ കുട്ടികളെ പാഠ്യപാഠ്യേതരപ്രവർത്തനങ്ങളിലൂടെ നയിക്കുവാൻ ഇത്രയും യോഗ്യതയുള്ള ഒരുകൂട്ടം അദ്ധ്യാപകർ ഭത്തശ്രദ്ധ്യരാണ് എന്നുള്ളതിനാലാണ് ഇത് സാധ്യമാകുന്നത്. അവരെ പഠിപ്പിക്കുന്ന അധ്യാപകരിലൂടെ ഇതെല്ലാം സാധ്യമാവുകയുള്ളൂ. ചെറിയ ഒരു ഗ്രാപ്പ് രണ്ട് ക്ലാസ്സുകൾ (XI & XII) എന്നതും ഇതിൽ പ്രാധാന്യമർഹിക്കുന്നുണ്ട്. അതത് ക്ലാസ്സിൽ പഠിപ്പിക്കുക അധ്യാപകരിലൂടെ മാത്രമേ വിദ്യാർത്ഥികളുടെ പാഠ്യപാഠ്യേതര അന്തരീക്ഷം നിലനിർത്തുവാൻ കഴിയൂ.

### യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിന്റെ ആരംഭം

ഇത് യൂണിവേഴ്സിറ്റി വിദ്യാഭ്യാസത്തിന്റെ കവാടം ആയതിനാൽ സൈദ്ധാന്തിക അടിത്തറ വളരെ പ്രധാനമാണ്. കൂടാതെ വിഷയത്തിൽ ആഴത്തിലുള്ള പഠനം എങ്ങനെ സാധ്യമാകും എന്നും അത്തരത്തിൽ പഠനപ്രക്രിയയെ ഏങ്ങനെ മുന്നോട്ടുകൊണ്ടുപോകും എന്നും അവർ പഠിക്കേണ്ടിയിരിക്കുന്നു. കേരളംപോലെ ലോകം മുഴുവൻ ജോലി തേടിപ്പോകുന്ന ഒരു

സമൂഹത്തിന് ഇത് അത്യന്താപേക്ഷിതവും ആണ്. അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുവാൻ ഇനിയും ഇതിനെ മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്. യൂണിവേഴ്സിറ്റികളുടെ സഹായത്തോടെയും വിഷയസംബന്ധിയായ കൂടുതൽ അറിവ് നേടാനുള്ള വഴികളെ പരിചയപ്പെടുത്തിയും ഈയൊരു ലക്ഷ്യത്തിലേക്ക് ഈ ഗ്രൂപ്പിനെ വളർത്തേണ്ടതുണ്ട്. Board of Studies സ്ഥാപിക്കേണ്ടതും ഉണ്ട്. കാലികമായി പരിഷ്ക്കരിക്കുവാൻ അല്ലാതെ സാധിക്കില്ല.

ഗുണമേന്മ നിലനിർത്തുവാൻ വികേന്ദ്രീകരണം തന്നെയാണ് കൂടുതൽ ഫലപ്രദം. യൂണിവേഴ്സിറ്റിയിൽ നിന്ന് ഹയർ സെക്കന്ററി എന്ന ചെറിയ ഗ്രൂപ്പിനെ മാറ്റി കഴിഞ്ഞ 28 വർഷമായി നടത്തുന്ന ഈ രീതി വിജയകരമെന്ന് തെളിഞ്ഞതാണല്ലോ. വികേന്ദ്രീകരണമായിരുന്നല്ലോ ഇതിന്റെ അടിസ്ഥാനം.

**ഗുണമേന്മ ഉറപ്പുവരുത്താൻ**

സ്കൂൾ വിദ്യാഭ്യാസത്തിലെ പോരായ്മയെ പരിഹരിക്കുവാൻ പ്രൈമറി വിദ്യാഭ്യാസത്തെ മറ്റൊരു ഡിപ്പാർട്ടുമെന്റിന് കീഴിലാക്കുകയാണെങ്കിൽ കൂടുതൽ പഠനം ഉറപ്പുവരുത്തുവാൻ സാധിക്കുകതന്നെ ചെയ്യും. പ്രൈമറി, സെക്കന്ററി, ഹയർ സെക്കന്ററി എന്നീ മൂന്ന് ഡിപ്പാർട്ട്മെന്റുകളായി തിരിഞ്ഞ് വളരെ ശ്രദ്ധയോടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോയാൽ നമ്മുടെ വരും തലമുറയെ അന്താരാഷ്ട്ര നിലവാരത്തിനൊത്ത് ഉയർത്തുവാൻ കഴിയുന്നതാണ്.

**വിഷയവൈവിദ്ധ്യം**

ഇത്രയും വിഷയ വൈവിദ്ധ്യത്തോടെ മറ്റൊരു രാജ്യത്തും ഒരുപക്ഷേ ഹയർ സെക്കന്ററി വിദ്യാഭ്യാസം ഉണ്ടാവണമെന്നില്ല. ഇത്രയധികം വിഷയങ്ങൾ പഠിച്ച വിദ്യാർത്ഥികൾ സമൂഹത്തിന് വലിയൊരു ബലം തന്നെയാണ്. ഏതാണ്ട് ഒരു യൂണിവേഴ്സിറ്റിയിൽ ഉള്ളിടത്തോളം വിഷയങ്ങളെ ഈ വിഭാഗവും കൈകാര്യം ചെയ്യുന്നു എന്നത് ഇതിന്റെ പ്രൗഢിതന്നെയാണ്. ഉപരിപഠനത്തിന്റെ സമസ്തമേഖലയിലേക്കും ഉള്ള വിദ്യാർത്ഥികളെ നാം ഓരോവർഷവും കൈപിടിച്ചുയുർത്തുന്നുണ്ട്.

**ഏകജാലകം**

ഏകജാലകം പോലുള്ള സോഫ്റ്റ് വെയർ സഹായത്തോടെ ഈ പഠനവൈവിധ്യത്തെ സുതാര്യമായും പ്രാപ്യത ഉള്ളതായും തിരഞ്ഞെടുക്കാൻ ഒരേപോലെ അവസരം നൽകിക്കൊണ്ട് തുടരുവാൻ കഴിയുന്നുണ്ട്. ഓഫീസ് സംവിധാനമില്ലെങ്കിലും ഇത്തരം സംവിധാനങ്ങളിലൂടെ യാതൊരു താളപ്പിഴയുമില്ലാതെ ഇതിന്നും വിജയകരമായി മുന്നേറുകയാണ്. പ്രശ്നപരിഹാരത്തിന് ഇരുപത് വർഷം വേണ്ടിവന്നു.

ആദ്യം പത്തുപതിനഞ്ച് വർഷത്തോളം പലവിധപ്രശ്നങ്ങൾ ഉണ്ടായിരുന്നെങ്കിലും 2006- ലെ പ്രിൻസിപ്പാൾ നിയമനത്തിലൂടെ അവ പലതും സമർത്ഥമായി പരിഹരിക്കുവാനും സാധിച്ചു. ഒരു ഓഫീസ് സംവിധാനവുംകൂടി നൽക്കുകയാണ് എങ്കിൽ വളരെ ശക്തമായ ഒരു ഡിപ്പാർട്ട്മെന്റായി ഇത് മാറുകയും ചെയ്യും. ഘടനാപരമായ മാറ്റം വരുകയാണെങ്കിൽ ഇനിയാണ് പലവിധ ഭരണനിർവ്വഹണ പ്രശ്നങ്ങളും ഉണ്ടാവുക.

**പരീക്ഷകളുടെ ഗൗരവം**

ഒരുവർഷം ഓൾഡ് സ്കീം അടക്കം ഏതാണ്ട് 300 ഓളം പൊതുപരീക്ഷകളാണ് ഈ ഡിപ്പാർട്ട്മെന്റ് നടത്തുന്നത് എന്നത് ഇതിനെ വേറെ ഡിപ്പാർട്ട്മെന്റായി കാണേണ്ടതിന്റെ വലിയൊരു കാരണമാണ്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇത്രയും വിഷയങ്ങൾ പഠിക്കാൻ നൽകുന്ന ഹയർ സെക്കന്ററി വിഭാഗമില്ല. അതിനാൽതന്നെ ഇവിടെ ഇത് ഒരു ഡിപ്പാർട്ട്മെന്റായിതന്നെ നിലനിൽക്കേണ്ടത് ഒരു അനിവാര്യതയായി മാറുന്നു.

**പാഠ്യേതരപ്രവർത്തനങ്ങളുടെ ഔന്നത്യം**

കഴിഞ്ഞ കുറേ വർഷങ്ങളായി എൻ.എസ്.എസ്. അടക്കമുള്ള പല രീതിയിലൂടേയും പാഠ്യേതര പ്രവർത്തനത്തിൽ കൈവന്നിട്ടുള്ള അഭൂതപൂർവ്വമായ വളർച്ച യൂണിവേഴ്സിറ്റിയെപോലും അതിശയിപ്പിക്കുന്നതാണ്. ഇതിനുകാരണം ചെറിയ യൂണിറ്റായി ഇത് നിലനിന്നതിനാലാണ്. രാജ്യത്തിനുതന്നെ മാതൃകാപരമായ പ്രവർത്തനമാണിതിലൂടെ നടത്തുന്നത്.

**വീണ്ടും ഉയരാവുന്ന സർവ്വീസ് പ്രശ്നങ്ങൾ**

തുടർന്ന് വരാമെന്നുള്ള സർവ്വീസ് പ്രശ്നങ്ങളും കേസുകളും വീണ്ടും ഹയർ സെക്കന്ററി മേഖലയേയും കലുഷിതമാക്കും. ഒരു പത്തുവർഷമെങ്കിലും വേണ്ടിവരും ഇത്തരം പ്രശ്നങ്ങൾ അവസാനിപ്പിച്ച് കാര്യങ്ങൾ നേരെ ആക്കുവാൻ.

**ഗവൺമെന്റിന് ഉണ്ടാകാവുന്ന ബാധ്യത**

എല്ലാ സ്കൂളിലേക്കും ഹയർ സെക്കന്ററി വ്യാപിപ്പിക്കുവാനുള്ള സമ്മർദ്ദങ്ങൾ ഏറുകയും അത് ഗവൺമെന്റിന് വലിയ ബാധ്യത ആയി മാറുകയും ചെയ്യും. ഇത്തരം കേസുകൾ ദിനംപ്രതി വർദ്ധിക്കുകയും ചെയ്യും.

**കേന്ദ്രഗവൺമെന്റ് രേഖകൾ**

കേന്ദ്രഗവൺമെന്റിന്റെ കമ്മീഷൻ റിപ്പോർട്ടുകളും NCF 2003 അടക്കമുള്ള രേഖകളും ശരിവയ്ക്കുന്നത് 10+2+3 പാറ്റേൺ ആണ്. ഫണ്ടിംങ് മാത്രം -2 മുതൽ +2 വരെ കണക്കാക്കി എന്നേ പറയുന്നുള്ളൂ. അത് ഇവിടെ വിഭജിച്ച് നൽകാവുന്നതേയുള്ളൂ. ഇത്രയധികം വിഷയം പഠിപ്പിക്കുന്ന XI, XII ക്ലാസ്സുകളിൽ കൂടുതൽ ഫണ്ട് ഉപയോഗിച്ചാൽ മാത്രമേ അതിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുവാൻ സാധിക്കൂ. ലാബുകളുടെ ഘടനമാത്രം ആലോചിച്ചാൽ മതി അതിന്റെ ഗൗരവം തിരിച്ചറിയാൻ കൂടാതെ ഈ അമ്പതോളം വിഷയങ്ങൾക്ക് പ്രോജക്ടുകളും ഫണ്ടുകളും അനുവദിക്കേണ്ടിവരും. വെറും 10 വിഷയങ്ങൾ ഉള്ളിടത്തും ഇത്ര വിഷയങ്ങൾ ഉള്ളിടത്തും സമാനരീതിയിൽ ഫണ്ട് വിനിയോഗിച്ചിട്ട് ഉദ്ദേശിക്കുന്ന ഗുണഫലം കിട്ടുകയില്ല.

**ഹയർസെക്കന്ററിയുടെ വിശ്വാസ്യത**

ഹയർ സെക്കന്ററിയിലേക്ക് CBSE/ICSE സ്കൂളുകളിൽ നിന്ന് ധാരാളം വിദ്യാർത്ഥികൾ വന്നു ചേരുന്നുണ്ട്. ഇത് സംസ്ഥാനവിദ്യാഭ്യാസ മികവിന് കിട്ടുന്ന പൊൻതൂവലാണ്. പല ഘടകങ്ങളും നിലനിർത്തുവാൻ കഴിയുന്നതും ഒക്കെ ഇതിന് കാരണമാകുന്നു. IAS ഡയറക്ടറും പ്രത്യേക ഡിപ്പാർട്ടുമെന്റും ഒക്കെ ഇതിൽ വലിയ ഘടകങ്ങളായി നിലനിൽക്കുന്നുണ്ട്.

**പുതിയ ക്ലാർക്ക്, പ്യൂൺ.**

സ്കൂളിനോട് ഏകീകരിച്ചാലും 70% സ്കൂളുകളിലും പുതിയ ക്ലാർക്ക്, പ്യൂൺ ഇവ ആവശ്യമായി വരും. അത്തരം പോസ്റ്റിംഗ് ഹയർ സെക്കന്ററിയിൽ നടത്തിയാൽ തീരാവുന്ന പ്രതിസന്ധിയെ ഇപ്പോഴുള്ളൂ.

## NSQF

NSQF ൽ ഓരോ ഇയറിലും പ്രത്യേകം നൽകുന്ന ട്രെയിനിംഗുകൾ ആയതിനാൽ ഏത് ഹയർ സെക്കന്ററി വഴിയും വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാവുന്നതേയുള്ളു. മാത്രമല്ല അതിന്റെ പൂർത്തീകരണം ഡിഗ്രി ക്ലാസിലെ സാധ്യമാകുന്നതുമുള്ളൂ.

**ഹയർ സെക്കന്ററിയേ ശാക്തീകരിക്കുന്നതിന് സ്വീകരിക്കേണ്ട നിർദ്ദേശങ്ങൾ**

1) ലബ്ധ കമ്മറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുക.
   a) 5 വർഷം സർവ്വീസ് പൂർത്തീകരിച്ച എല്ലാ HSST (Jr.) മാർക്കും ഉപാധിരഹിതമായി HSST മാരായി സ്ഥാനക്കയറ്റം നൽകുക.
   b) ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാളിന്റെ ജോലിഭാരം കുറയ്ക്കുക. ടീച്ചിംഗ് ജോലി ആഴ്ചയിൽ 5 പീരീഡായി പരിമിതപ്പെടുത്തുക. പ്രിൻസിപ്പാളിന്റെ ഓഫീസിൽ ക്ലാർക്ക്, പ്യൂൺ, മീനിയൽ എന്നീ തസ്തികകൾ സൃഷ്ടിച്ച് ഉദ്യോഗസ്ഥരെ നിയമിക്കുക.
2) സ്കൂളിൽ ലൈബ്രേറിയനെ നിയമിക്കുക.
3) ഹയർ സെക്കന്ററിക്ക് ജില്ലാ ഓഫീസുകൾ ആരംഭിക്കുക. നിലവിലെ ഹയർ സെക്കന്ററി മേഖല ഉപഡയറക്ടർക്ക് രണ്ട് ജില്ലകളുടെ ചാർജ്ജ് ആണ് ഉള്ളത്. രണ്ടു ജില്ലകളിലെ ഹയർ സെക്കന്ററി അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും അക്കാദമികവും ഭരണപരവുമായ മേൽനോട്ടം വഹിക്കുന്നു. ഇത് പൂർണ്ണമായി നിർവ്വഹിക്കുന്നതിന് ഒരാൾക്ക് കഴിയുകയില്ല. ആയതിനാൽ ഓരോ ജില്ലയിലും ഹയർ സെക്കന്ററിക്ക് ജില്ലാ ഓഫീസുകൾ ആരംഭിക്കണം.

**ഡോ. സാബുജി വറുഗീസ്**
**ജനറൽ സെക്രട്ടറി**, HSSTA
9446114551

തിരുവനന്തപുരം
30 - 04 - 2018